കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-പി.കെ.ഡി15/1886/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്കാര്യാലയം,

പാലക്കാട്, തീയതി-23.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണാടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ണാടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡി-പി.കെ.ഡി15/1886/2017 തീയതി-23.10.2017

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30-11-16 മുതൽ 30-6-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.എം. രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-08-2017 മുതൽ 31-08-17വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിന്ദു.പി.ജി<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>(26-08-0-17 വരെ) |
| | ശ്രീ.എൻ.സുമേഷ്<br>ഓഡിറ്റ് ഓഫീസർ<br>( 29-08-17 മുതൽ) |
| | ശ്രീമതി.പി.രമാദേവി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സരിത.പി<br>സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെഎം.വേണുഗോപാൽ | 1-4-16 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീ.പി.എം.കുഞ്ഞു കുഞ്ഞ് | 1-4-16 മുതൽ 30-05-16 വരെ |
| | ശ്രീ,മനോജ്.എസ് | 31-05-16 മുതൽ 28-07-16 വരെ |
| | ശ്രീ.കെ.ഡി.ഹരേഷ് | 29-07-16 മുതൽ 31-03-17 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.കെ.അംബുജാക്ഷൻ | 1-04-16മുതൽ 08-03-17 വരെ |
| | ശ്രീമതി.ജലജകുമാരി | 9-03-17 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ആഷ രാമനുണ്ണി | 1-4-16 മുതൽ 19-08-16 വരെ |
| | ഡോ.സുമയ്യ ഷെറഫ് | 20-08-16 മുതൽ 31-3-17വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ലിജി.എം.കെ | 1-4-16 മുതൽ 31-3-17 വരെ |
| പ്രധാന അധ്യാപിക | ശ്രീമതി. ലത | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ | ശ്രീ. സുബൈർ | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പത്മജ | 1-4-16 മുതൽ 17-10-16 വരെ |
| | ശ്രീമതി.ആഷ.ആർ | 18-10-16 മുതൽ 01-02-17 വരെ |
| | ശ്രീമതി. സ്വാതി (എംപ്ലോയ് മെന്റ് പ്രൊവിഷണൽ ) | 2-02-17 മുതൽ 31-03-17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ശ്രീദേവി | 1-4-16 മുതൽ 31-3-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. വെള്ളിയങ്കിരി | 1-4-16 മുതൽ 03-11-16വരെ |

| | | |
|---|---|---|
| | ശ്രീമതി.സ്മിത | 04-11-16 മുതൽ 14-3-17 വരെ |
| | ശ്രീമതി,പാർവ്വതി.എസ് (എംപ്ലോയ് മെന്റ് പ്രൊവിഷണൽ ) | 15-3-17 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കുമാരി.കെ | 1-4-16 മുതൽ 31-3-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 14-03-16 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹ 71800000 രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ്) ചെലവ് ₹ 64240000 രൂപയും നീക്കിയിരിപ്പ് 7560000 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 10-7-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2016-17 |
| മുന്നിരിപ്പ് | 9848069 |
| വരവ് | 47613800 |
| ആകെ | 57461869 |
| ചെലവ് | 43868974 |
| നീക്കിയിരിപ്പ് | 13592895 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | 2016-17 ലേക്കുള്ള ബജറ്റ് വിഹിതം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ ഫണ്ട് | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 9895371 | 0 | 9895371 | 9895371 | 7378262 | 2517109 | 75 |
| വികസന ഫണ്ട് എസ്.സി.പി | 9973665 | 0 | 9973665 | 9973665 | 6359117 | 3614548 | 64 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 7086138 | 0 | 7086138 | 7086138 | 3926251 | 3159887 | 55 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2651658 | 0 | 2651658 | 2651658 | 1481215 | 11170443 | 56 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5549118 | 0 | 5549118 | 5549118 | 3850108 | 1699010 | 69 |

| | | | | | | | |
|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 2932380 | 0 | 2168564 | 2168564 | 538130 | 1630434 | 25 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | | 0 | 763816 | 763816 | 0 | 763816 | 0 |
| എൻ.ആർ.ഇ.ജി.എസ് | - | 28571 | 19779971 | 19808542 | 19788024 | 20518 | 99% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 156 | 52449245 | 86 | 25140297 | 70 |

അംഗീകാരം ലഭ്യമായ 156 പ്രൊജക്ടുകളിൽ 86 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 48 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റിൽ നിന്നും ലഭ്യമായ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ കണക്കുകൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 5402417 | 2016710 | 37 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 2894000 | 1157000 | 40 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 511400 | 491745 | 96 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 550000 | 550000 | 100 |
| വി.ഇ.ഒ | 6 | 6 | 5050525 | 4710525 | 93 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 3321000 | 2796665 | 84 |
| സെക്രട്ടറി | 32 | 14 | 4702939 | 2186919 | 46 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 77 | 35 | 20617744 | 7703003 | 37 |
| എച്ച്.എം | 4 | 4 | 1012120 | 870390 | 86 |
| അസി.സെക്രട്ടറി | 18 | 10 | 8237100 | 2507340 | 30 |
| ആകെ | 156 | 86 | 52449245 | 25140297 | 48 |

പഞ്ചായത്ത് തൻവർഷം വ്യത്യസ്ത മേഖലകളിൽ നടപ്പിലാക്കാനുദ്ദേശിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| മേഖല | ആകെ വകയിരുത്തിയ തുക | ആകെ ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 7818300 | 2542510 | 33 % |
| ശുചിത്വം, മാലിന്യം | 2522040 | 2371600 | 94% |
| വനിത | 4889750 | 2603770 | 53% |
| ശിശുക്കൾ<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | 2837520 | 2234335 | 79% |
| വൃദ്ധർ,പാലിയേറ്റീവ് | 993458 | 394145 | 40% |
| യുവജനക്ഷേമം | 1955000 | 729840 | 37% |

പദ്ധതി ആസൂത്രണത്തിലെ പൊതു സമീപനത്തിൽ കാതലായ മാറ്റം വരുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ കണക്കിലെടുത്ത് ഓരോ മേഖലയിലെയും പദ്ധതികൾ തയ്യാറാക്കേണ്ടതും കൂടുതൽ ഗുണഭോക്താക്കളെ പദ്ധതികളിൽ പങ്കെടുപ്പിക്കേണ്ടതുമാണെന്ന് അഭിപ്രായപ്പെടുന്നു.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് (ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | തൻവർഷം വരവ് | വ്യത്യാസം | % |
|---|---|---|---|---|
| നികുതി വരവുകൾ | 4017300 | 5470694 | 1453394 | (+)36% |
| നികുതിയേതര വരവുകൾ | 517732 | 724897 | 207165 | (+)40% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ | അന്വേഷണം കഴിഞ്ഞ് തിരിച്ച് ലഭിക്കാത്തവ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4 | 4 | - | - |
| 2 | വിധവാ പെൻഷൻ | 83 | 78 | 5 | - |
| 3 | വികലാംഗ പെൻഷൻ | 19 | 14 | 3 | 2 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | - | - |
| 5 | വാർദ്ധക്യകാല പെൻഷൻ | 337 | 297 | 36 | 4 |
| 6 | തൊഴിൽ രഹിതവേതനം | 16 | 6 | 10 | - |

# 1-9 ആഭ്യന്തര നിയന്ത്രണം

രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഓഡിറ്റ് വർഷം പെർമിറ്റ് ക്രമവൽക്കരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതി മിനിറ്റ്സിൽ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1. 8.2.17 ലെ യോഗ തീരുമാനങ്ങൾ മുതൽ ഉള്ള മിനിറ്റ്സ് ബുക്കിൽ പേജ് 07, 08 എന്നീ പേജുകൾ നഷ്ടപ്പെട്ടതായി കാണുന്നു.
2. 16.3.17 ലെ തീരുമാനം 1(11) ന് ശേഷം പേജ് 200 മുതൽ 205 വരെ രേഖപ്പെടുത്തൽ

ഇല്ലാതെ ഒഴിച്ചിട്ടിരിക്കുന്നു. ഒഴിച്ചിട്ടിരിക്കുന്ന പേജുകളിൽ, ഭാവിയിൽ രേഖപ്പെടുത്തലുകൾ നടത്താൻ ഉതകുന്നത് ആശാസ്യമല്ലാത്തതിനാൽ ഇതൊഴിവാക്കേണ്ടതാണ്.

3. ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യവികസനം ഒരുക്കൽ എന്ന പദ്ധതിയുടെ റീടെണ്ടർ അംഗീകരിച്ചിരിക്കുന്ന തീരുമാനം നിർവ്വഹണോദ്യോഗസ്ഥക്ക് നൽകിയിരിക്കുന്നത് 4.3.17 ലെ 5(4) -ാം നമ്പർ തീരുമാനത്തിന്റെ "ശരിപ്പകർപ്പ് " എന്നു രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതാണ്. എന്നാൽ ഭരണസമിതിയുടെ 4.3.17 ലെ 5(4) -ാം നമ്പർ തീരുമാനം 5(4) പരിശോധിക്കുമ്പോൾ ആ തീരുമാനം ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. മേൽ ടെണ്ടറുമായി ബന്ധപ്പട്ട തീരുമാനം 5(5) ആണ്. മാത്രമല്ല തീരുമാനത്തിന്റെ ശരിപ്പകർപ്പും ഒറിജിനലും വ്യത്യസ്തമാണ്. കൂടാതെ ഐസിഡിഎസ് സൂപ്പർവൈസർ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയോടൊപ്പം ചേർത്തിരിക്കുന്ന മിനിറ്റ്സ് പകർപ്പ് ഓഡിറ്റ് വേളയ്ക്കു ശേഷം മിനിറ്റ്സ് ബുക്കിൽ ചേർത്തതാണ് എന്ന് ഓഡിറ്റ് വേളയിൽ എടുത്തിട്ടുള്ള പകർപ്പുമായി ഒത്തുനോക്കുമ്പോൾ ബോധ്യമായി. ക്ലോസ്സു ചെയ്ത മിനിറ്റ്സിൽ മാറ്റം വരുത്തിയത് ശരിയായ നടപടിയല്ല.

പർച്ചേസ് കമ്മിറ്റി

1. പർച്ചേസ് 17.11.16 ന ശേഷം യോഗം കൂടിയിട്ടില്ല.
2. 17.11.16 ലെ മിനിറ്റ്സിൽ വാങ്ങൽ നടപടികൾക്ക് ടെണ്ടർ വിളിക്കുന്നതു സംബന്ധിച്ചുള്ളതാണ്. തീരുമാനം ക്ലോസ്സു ചെയ്തിട്ടില്ല.
3. വാങ്ങലുകളുടെ ടെണ്ടറുകൾ പർച്ചസ് കമ്മിറ്റി പരിശോധിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയോ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി ശുപാർശകൾ ചെയ്യുന്നില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/30.8.17) മറുപടി ലഭ്യമായില്ല.

# 1-10 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2017 2.45 pmന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4240 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-6-2017 | 1-5- 2017 മുതൽ 31-05-17 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-4-11 മുതൽ 12-4-11 വരെ | 2006-07 മുതൽ 2010-11 വരെ | 12-05-11, നം എൽ.ബി.എ (എച്ച്.ക്യൂ)/VI/8A/ 1727/Dis No 44/10-5-11 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കടമുറികളുടെ വാടക-വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ ഒരു വർഷക്കാലത്തേക്ക് പരസ്യലേലത്തിലൂടെ മുൻവർഷത്തെ വാടകയിൽ നിന്നും 5% മുതൽ 20% വരെ വർദ്ധനവിൽ വ്യാപാരികൾക്ക് വാടകയ്ക്ക് നൽകുന്നതിനായി തീരുമാനിച്ചു. ആയതനുസരിച്ച് ഏതാനും വാടകക്കാർ മാത്രം ലേലനിബന്ധനകളനുസരിച്ച് ഉടമ്പടിയിൽ ഏർപ്പെട്ടു. എന്നാൽ പിന്നീട് വാടക വർദ്ധനവിൽ ചില വ്യാപാരികളുടെ പ്രതിഷേധത്തെ തുടർന്ന് 10 % വാടക വർദ്ധനവ് നടത്തിയത് 5% ആയി കുറവ് വരുത്തുന്നതിന് ഭരണസമിതി തീരുമാനമെടുത്തു. 3 മാസത്തെ വാടകയ്ക്ക് തുല്യമായ തുക സെക്യൂരിറ്റിയായി നൽകണമെന്ന ലേലനിബന്ധനയിലെ നിർദ്ദേശവും പലരും പാലിച്ചിട്ടില്ല. നഗരസഭയുമായി അതിർത്തി പങ്കിടുന്ന പഞ്ചായത്തായിരുന്നിട്ടും വളരെ കുറഞ്ഞ നിരക്കിലാണ് പഞ്ചായത്ത് വാടക നിശ്ചയിച്ചിരിക്കുന്നതെങ്കിലും വാടകയുടെ വാർഷികവർദ്ധനവ് നടപ്പിലാക്കുന്നതിന് ഇതു മൂലം സാധിച്ചിട്ടില്ല. തൻവർഷത്തിൽ മാത്രം 122347 രൂപയുടെ കുടിശ്ശിക ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ ഉണ്ട്. അപ്രതീക്ഷിതമായ കാരണങ്ങളില്ലാതെ നിശ്ചയിച്ച വാടകയിൽ നിന്നും കുറച്ചു നൽകുന്നതും നിയമപരമായി ഉടമ്പടിയിൽ ഏർപ്പെടാതെ കച്ചവടം ചെയ്യാൻ അനുവദിക്കുന്നതും ക്രമരഹിതമായ നടപടിയാണ്. മുൻവർഷങ്ങളിലും വ്യാപാരികൾ നിശ്ചയിച്ച വാടക നിശ്ചിത സമയത്ത് ഒടുക്കിയിട്ടില്ല എന്നു പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടു.ഓരോ വർഷവും പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഫലപ്രദമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും

നിയമപരമായ നിബന്ധനകൾ പാലിക്കുന്നവർക്ക് മാത്രം ആവശ്യമെന്ന് തോന്നുന്ന പക്ഷം ഇളവുകൾ നൽകുന്നതിനും ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെടുന്നു. കൂടാതെ ശ്രീ രതിൻ , s/o രാമകൃഷ്ണൻ എന്നയാൾ 2011-12 വർഷം മുതൽ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. നിരന്തരം കത്തിടപാടുകളിലൂടെ അറിയിച്ചിട്ടും വാടക അടയ്ക്കുന്നതിനോ കടമുറി ഒഴിഞ്ഞു തരുന്നതിനോ ഇദ്ദേഹം തയ്യാറായിട്ടില്ല. ഇയാൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതും കടമുറി പുനർലേലം ചെയ്ത് വാടക ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/30.8.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ്-രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 91509 രൂപയുടെ വരവുണ്ട്. എന്നാൽ റഗുലറൈസേഷൻ ഫീസ് രജിസ്റ്ററിൽ 2 എൻട്രികളിലായി 1000 ൽ താഴെ മാത്രമാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടങ്ങൾ ചട്ടം 137(4) പ്രകാരം പെർമിറ്റെടുക്കാതെയുള്ളവ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണം ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസ് ആയി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കാവുന്നതാണ്. ക്രമവത്കരണത്തിനായുള്ള അപേക്ഷകൾ പ്രത്യേകമായി പരിഗണിച്ച് പ്രത്യേകം രജിസ്റ്ററിൽ എഴുതി വാർഷിക സംഗ്രഹം അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/30.8.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾ -നടപടികൾ സ്വീകരിച്ചിട്ടില്ല

പാലന ആശുപത്രി, സുരഭി അക്വാ മിനറൽ, പ്രീമിയർ അഗ്രോ പ്രൊഡക്ട്സ്, പ്രിൻസ് ഫ്ലോർ മിൽ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾ കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് തുടർപരിശോധനകൾ നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. സ്ഥലപരിശോധന നടത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.
( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 13/30.8.17ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അനുവദിച്ചിരിക്കുന്ന 9000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ : വെറ്ററിനറി സർജൻ

പദ്ധതി : ആട് വളർത്തൽ-ജനറൽ പദ്ധതി (120/17)
ചെലവ് : പദ്ധതിവിഹിതം - 200000/-(ട്രഷറി ബിൽ നം.5/28.3.2017)

തനത് ഫണ്ട് - 7000/- (ചെക്ക് നം. 1852108/28.3.17)

ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ 18000/- രൂപ വിലയുള്ള 3 മലബാറി സങ്കരയിനം ആട്ടുകളെ (6000x3) സ്വന്തം ചെലവിൽ വാങ്ങേണ്ടതാണ്. വെറ്ററിനറി സർജൻ മൂല്യനിർണ്ണയം നടത്തി ഇൻഷൂർ ചെയ്തതിനു ശേഷം ഗുണഭോക്താവിന് 9000/- സബ്സിഡി അനുവദിക്കുന്നു.

ജി.ഒ. (എം.എസ്) 4/2016 തസ്വഭവ 11.1.2016 പ്രകാരം സബ്സിഡി അനുവദിക്കാവുന്നത് വാർഷിക വരുമാനം 50000/-രൂപയിൽ കവിയാത്തവർക്കും നാമമാത്ര ചെറുകിട കർഷകർക്കും മാത്രമാണ്. എന്നാൽ ഈ പദ്ധതി പ്രകാരം സബ്സിഡി 9000/- രൂപ (ട്രാൻസ്ഫർ -SBTകണ്ണാടി ബ്രാഞ്ച് അക്കൗണ്ട് നം. 67224799613) അനുവദിച്ചിരിക്കുന്ന കെ.ഉഷാകുമാരി, തെക്കേവീട്, താണിയം കാവ്, കണ്ണാടി എന്ന ഗുണഭോക്താവിന്റെ വാർഷിക വരുമാനം 98544/-രൂപയാണ് (വരുമാന സർട്ടിഫിക്കറ്റ് നം.23762439/16.3.2017). സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അനുവദിച്ചിരിക്കുന്ന 9000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 3-2 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി(104/17)

പ്രൊജക്റ്റ് : പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി (104/17)

നിർവ്വഹണ ഉദ്യോഗസ്ഥ: വെറ്ററിനറി സർജൻ

ചെലവ് : 3,50,000/-

2016-17 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്റ്റ് നം.104/17) പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നം. 1/24.3.17 പ്രകാരം 350000 രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് നൽകിയിട്ടുണ്ട്. 56

ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് തീറ്റ നൽകുന്നതിന് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. തുകയുടെ കൈപ്പറ്റ് രശീത് പരിശോധനക്ക് ലഭ്യമായിട്ടില്ല. തുകയുടെ കൈപ്പറ്റ് രശീത്, പദ്ധതി പൂർത്തീകരിച്ചതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

# 3-3 ചെലവഴിക്കാതെ അവശേഷിക്കുന്ന കേന്ദ്രവിഹിതം ഉപയോഗിച്ച് അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താവുന്നതാണ്.

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 1321945 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു

മുന്നിരിപ്പ് - 724281

വരവ് - 1504437

ആകെ - 2228718

ചെലവ് - 906773

നീക്കിയിരുപ്പ് - 1321945

അങ്കണവാടികളുടെ ഭൗതിക സാഹചര്യവുമായി ബന്ധപ്പെട്ട് ഐ.സിഡി.എസ് സൂപ്പർവൈസർ നൽകിയ റിപ്പോർട്ടിൽ ആകെ 21 അങ്കണവാടികളിൽ തീരെ മോശം സാഹചര്യം ഉള്ളവ ഇല്ലെങ്കിലും 5 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടമുള്ള 16 എണ്ണത്തിൽ 11 എണ്ണത്തിന് മാത്രമാണ് ചുറ്റമതിൽ ഉള്ളതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി കണക്ഷൻ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പല അങ്കണവാടികളിലും നിലവിലില്ലെന്നും മനസ്സിലാവുന്നു.

പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ മേൽ തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യവികസനം - പർച്ചേസ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല

പ്രൊജക്റ്റ് നം. -69/17

അടങ്കൽ -300000

ചെലവ്- ബിൽ നം. -9/30.3.17-234050/-

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റ് പ്രകാരം

അങ്കണവാടികൾക്ക് 10 അലമാര, 5 LPG സ്റ്റൗ, 210 പ്ലാസ്റ്റിക് ചെയർ, 210 പ്ലാസ്റ്റിക് ബേബി ചെയർ എന്നീ ഇനങ്ങൾ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങുന്നതിന് 6.1.17 ന് ടെണ്ടർ ക്ഷണിച്ചു എങ്കിലും ഭരണസമിതിയുടെ 13.1.17 ലെ 1(2) തീരുമാനപ്രകാരം ലഭിച്ച 4 ടെണ്ടറുകളിൽ രണ്ടെണ്ണം സാങ്കേതിക കാരണങ്ങളാലും രണ്ടെണ്ണം കുറഞ്ഞ തുക ഏതെന്ന് നിശ്ചയിക്കാൻ കഴിയാത്തതിനാലും 4 ടെണ്ടറുകളും നിരസിക്കാനും ടെണ്ടറുകളിൽ കൂടുതൽ സുതാര്യതയും മൽസര സ്വഭാവവും ഉറപ്പുവരുത്തുന്നതിനുവേണ്ടി റീടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് 21.2.17 ൽ റീടെണ്ടർ ചെയ്തു.

പദ്ധതിയുടെ നടപടിക്രമങ്ങളിലും നിർവ്വഹണത്തിലും താഴെപറയുന്ന അപാകതകൾ കാണുന്നു.

1. ആദ്യ ടെണ്ടർ നടപടികൾ ക്യാൻസൽ ചെയ്യുന്നതിന് ചൂണ്ടിക്കാണിച്ചിരുന്ന ഒരു കാരണം ടി നടപടികളിൽ സുതാര്യത ഇല്ല എന്നാണ് എന്നാൽ റീടെണ്ടർ നടത്തിയപ്പോഴും സുതാര്യത ഉറപ്പുവരുത്തുന്നതിന് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2. ആദ്യ ടെണ്ടറിൽ ഇനങ്ങളുടെ താരതമ്യം സാധ്യമാകുന്നില്ല എന്നായിരുന്നു ക്യാൻസൽ ചെയ്യാനുള്ള മറ്റൊരു കാരണം . എന്നാൽ റീടെണ്ടറിൽ ലഭ്യമായ ടെണ്ടറുകളിൽ എല്ലാവരും ഇനങ്ങൾ ക്വോട്ടു ചെയ്യുമ്പോൾ അവയുടെ ബ്രാന്റോ ഇനം നമ്പറോ ചേർത്തിട്ടില്ല. ആയതിനാൽ ലഭ്യമായ ടെണ്ടറുകളിലെ സമാന ഇനങ്ങളുടെ താരതമ്യം യുക്തമല്ല.

3. ഭരണസമിതി, പർച്ചേസ് കമ്മിറ്റി എന്നിവർ ഗുണമേൻമ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് എഫാർ ട്രേഡിംഗ് , പട്ടിക്കര, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് എന്നാണ് ICDS സൂപ്പർവൈസർക്ക നൽകിയ ഭരണസമിതിയുടെ 4.3.17 ലെ 5(4) തീരുമാനത്തിന്റെ "ശരിപ്പകർപ്പ്" ൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മിനിറ്റ്സ് പ്രകാരവും സെക്ഷനിൽ നിന്നും ലഭ്യമായ വിവരം പ്രകാരവും 17.11.2016 നു ശേഷം പർച്ചേസ് കമ്മിറ്റി കൂടിയിട്ടില്ല. സാമ്പിളുകൾ പരിശോധന നടത്തിയതിന്റെ രേഖകൾ ഇല്ല. അഭിപ്രായങ്ങൾ കൈമാറിയ രേഖയില്ല.

4. ICDS സൂപ്പർവൈസർക്ക നൽകിയ ഭരണസമിതിയുടെ 4.3.17 ലെ 5(4) തീരുമാനത്തിന്റെ "ശരിപ്പകർപ്പ് "ഒറിജിനൽ ഭരണസമിതി തീരുമാനവുമായി ഒത്തു നോക്കുമ്പോൾ അവ വ്യത്യസ്തമായി കാണുന്നു. കൂടാതെ ഈ തീരുമാനം യഥാർത്ഥത്തിൽ 4.3.17 ലെ 5(5) ആണ്. ഇത് മിനിറ്റ്സിലെ 7 വരികൾ മാത്രമുള്ള തീരുമാനമാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥക്ക് "ശരിപ്പകർപ്പ്" എന്ന് നൽകിയിരുന്നത് 2 പേജുള്ള തീരുമാനമാണ്.

5. യഥാർത്ഥ തീരുമാനമായ 4.3.17 ലെ 5(5) പ്രകാരം കുറഞ്ഞ നിരക്കും ഗുണമേൻമയുമുള്ള എഫാർ ട്രേഡിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാൻ തീരുമാനിച്ചു എന്നാണ്. എന്നാൽ അലമാര എന്ന ഇനം ടെണ്ടർ ഷെഡ്യൂളിൽ സൂചിപ്പിച്ച സ്പെസിഫിക്കേഷനിൽ ഉള്ളതും കുറവു നിരക്ക് ഉള്ളതും Kerala State Industries Enterprises Ltd., പാലക്കാട് എന്ന സ്ഥാപനത്തിന്റെയാണ് (@9950/-) എന്നാൽ എഫാർ എന്ന സ്ഥാപനത്തിന്റെ അലമാരയുടെ നിരക്കും വാങ്ങിയ നിരക്കും 10850/- (ബിൽ നം.1539/30.3.17) ആണ്. ഇതു പ്രകാരം പഞ്ചായത്തിന് 10 അലമാരയ്ക്ക് അകെ 9000/- (10850-9950) x 10 അധിക ചെലവുണ്ടായിട്ടുണ്ട്.

മേൽ വിവരങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/30.8.17) ലഭിച്ച മറുപടിയിൽ ഭരണസമിതി, പർച്ചേസ് കമ്മിറ്റി എന്നിവർ ഗുണമേൻമ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് എഫാർ ട്രേഡിംഗ് പട്ടിക്കര, പാലക്കാട് എന്ന സ്ഥാപനത്തിൽ

നിന്നും സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് എന്നാണ്. 17.11.2016 നശേഷം പർച്ചേസ് കമ്മിറ്റി കൂടിയിട്ടില്ലാത്തതിനാലും സാമ്പിളുകൾ പരിശോധന നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതിനാലും ഈ മറുപടി അംഗീകരിക്കത്തക്കതല്ല. കൂടാതെ മറുപടിയോടൊപ്പം ഹാജരാക്കിയ മിനിറ്റ്സ് പകർപ്പ് ഓഡിറ്റ്‌വേളയ്ക്കു ശേഷം മിനിറ്റ്സിൽ ചേർത്തതാണ്. കൂടാതെ ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ സുതാര്യമാക്കേണ്ടതാണ്. പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം കൂടിയ തുക ക്വോട്ടു ചെയ്തത് വാങ്ങിയത് നടപടിക്രമങ്ങളുടെ വീഴ്ചയാണ്. ഇതുമൂലം പ്ലാൻ ഫണ്ടിനുണ്ടായ നഷ്ടം 9000/- രൂപ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-5 ഒഴിവാക്കി

# 3-6 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.- 76/17 -ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 150000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -150000 (ബിൽ നം .1/16-17 27.1.17 )
നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

മേൽ പ്രോജക്ടിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസിയുടെ പ്രൊഫോർമാ ഇൻവോയ്സ് നം 123/6.10.16 പ്രകാരം മരുന്നുകളുടെ വിലയായി 150000 രൂപ 27.01.17 ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഹോംകോയുമായി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മരുന്നു വിതരണം ചെയ്യേണ്ടതാണെന്ന് കാണിച്ചു കൊണ്ട് മെഡിക്കൽ ഓഫീസർ കരാറിൽ ഏർപ്പെട്ടിട്ടില്ല. രോഗികൾക്ക് വിതരണം ചെയ്യാനാവശ്യമായ മരുന്നുകൾ തല്ക്കാലം സ്റ്റോക്കിലുണ്ടെന്നും എത്രയും വേഗം മരുന്ന് വിതരണം ചെയ്യണമെന്ന് ഹോംകോയെ അറിയിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഓണറേറിയം നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല - തുക തടസ്സപ്പെടുത്തുന്നു

പദ്ധതി – ഏഴാം തരം തുല്യത പരീക്ഷയും, പഠനോപകരണങ്ങൾ, പരിശീലനങ്ങൾ മറ്റുള്ളവ (3/17)
അടങ്കൽ – 60270 (വികസന ഫണ്ട് – പൊതുവിഭാഗം)

നിർവ്വഹണ ഉദ്യോഗസ്ഥ –പ്രധാന അധ്യാപിക

ചെലവ് - 14270/- (ട്രഷറി ബിൽ നം.2/24.1.2017)

പദ്ധതി പ്രകാരം ഏഴാം തരം തുല്യതാ പരീക്ഷയുടെ ക്ലാസ്സുകൾ എടുക്കുന്നതിനായി രണ്ട് ഇൻസ്ട്രക്ടർമാർക്കായി 12000/- രൂപ ഓണറേറിയം നൽകിയിട്ടുണ്ട്. ഒരാൾക്ക് പ്രതിമാസം 1000 രൂപ വീതം 6 മാസത്തേക്കാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ 3 സാക്ഷരതാ പ്രേരകുമാർക്ക് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും പ്രതിമാസ വേതനം നൽകി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ തുല്യതാ പരീക്ഷക്കായി പ്രത്യേകം ഇൻസ്ട്രക്ടർമാരെ നിയോഗിച്ച് ഓണറേറിയം നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 തസ്വഭവ 11.1.2016 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൻ കീഴിൽ സാക്ഷരതാ/തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. വിവധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും, അടക്കേണ്ട ഫീസും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. ഓണറേറിയം നൽകാവുന്നതല്ല.
(ഓഡിറ്റ് അന്വേഷണം നം. 5/26.8.17)

## 3-8 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് വാങ്ങിയ ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ ഏടുത്തിട്ടില്ല

2016-17 വികസന ഫണ്ടിൽ നിന്നും 15500 രൂപയും, തനതു ഫണ്ടിൽ നിന്നും 10000 രൂപയും വകയിരുത്തി പ്രോജക്ട് നം. 54/16-17 പ്രകാരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് 300 പ്ലാസ്റ്റിക് കസേരകളും 5 സ്റ്റീൽ ടോപ്പുള്ള മേശകളും ടെൻഡർ നടപടികൾ സ്വീകരിച്ച് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ :165000

ചെലവ് :164500

ബിൽ നം.-17/2016-17 തുക -155000 തിയതി.23.01.2017

വൗച്ചർ നം.-21600742 തുക 9500 തിയതി 25-01-2017 (ചെക്ക് നം. 906316)

മേൽപ്പടി ഫർണ്ണീച്ചറുകൾ ഭൗതിക പരിശോധനയിൽ പഞ്ചായത്ത് ഹാളിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വാങ്ങിയ സാധനങ്ങൾ സറ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 വൻ ബാധ്യത വരുത്തിയിട്ടും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കാതെ ഗ്രാമപഞ്ചായത്ത് നേരിട്ടാണ് പരിപാലിക്കുന്നത്. ഇവയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിന് വൻ തുക ചെലവഴിക്കേണ്ടി വരുന്നത് തനത് ഫണ്ടിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ പുഴയ്ക്കൽ കുടിവെള്ള പദ്ധതി, ചാത്തൻകുളങ്ങര കുടിവെള്ള പദ്ധതി എന്നീ രണ്ട് കുടിവെള്ള പദ്ധതികളാണ് നിലവിൽ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികൾ. ഈ രണ്ട് പദ്ധതികളിലുമായി 1000 ഓളം കുടിവെള്ള കണക്ഷനുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല. ഇരു പദ്ധതികളിലും ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 50 രൂപയാണ് ചാർജ് നിശ്ചയിച്ചിട്ടുള്ളത്. ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അമിതമായ ജലചൂഷണം ഉണ്ടായാൽ പോലും അധിക തുക ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ പദ്ധതിയുടെ 2016-17 കാലയളവിലെ വരവു ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വരവ് | | | |
|---|---|---|---|
| അരിയർ കലക്ഷൻ | കറന്റ് കലക്ഷൻ | ആകെ | |
| 129930 | 30395 | 160325 | |
| ചെലവ് | | | |
| ഇലക്ട്രിസിറ്റി ചാർജ് | വേതനം പമ്പ് ഓപ്പറേറ്റർ | റിപ്പയർ & മെയ്ന്റെനൻസ് ചെലവുകൾ | ആകെ |
| 305872 | 159775 | 111178 | 576825 |
| | അധിക ചെലവ് | | 416500 |

വരവിൽ നിന്നും ചെലവ് കഴിച്ചാൽ 416500രൂപ പ്രതി വർഷം അധിക ചെലവുണ്ട്.

കൂടാതെ ലഭ്യമാക്കിയ 2016-17 ലെ വാർഷിക കണക്കുപ്രകാരം വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി വർഷാന്ത്യത്തിൽ 1988998 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനും, വെള്ളക്കരം കാലോചിതമായി പരിഷ്കരിക്കാനും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും എടുത്ത നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശങ്ങൾ

1. കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാവണം. വെള്ളക്കരം

കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ (സാ) നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മിതമായ ഉപയോഗത്തിനും ,അമിതമായ ഉപയോഗത്തിനും ഒരേ നിരക്ക് എന്ന രീതി പാടില്ല.വെള്ളക്കരത്തിന് കൃത്യമായ റേറ്റ് നിശ്ചയിക്കണം. KWA യുടെ നിരക്ക് സ്വീകരിക്കാവുന്നതാണ്.

4. പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഫ്രണ്ട് ഓഫീസിലേക്ക് വാങ്ങിയ ടോക്കൺ മെഷീൻ ഉപയുക്തമാക്കേണ്ടതാണ്

ഫ്രണ്ട് ഓഫീസിലേക്ക് ടോക്കൺ മെഷീൻ വാങ്ങുന്നതിനുവേണ്ടി വൗച്ചർ നം.21606057/11.4.2016 പ്രകാരം 14800/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്തിട്ടുണ്ട്. മെഷീൻ നിലവിൽ പ്രവർത്തിപ്പിക്കാതെ ഫ്രണ്ട് ഓഫീസിൽ സൂക്ഷിച്ചുവരുന്നതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പ്രോജക്റ്റ് വെച്ച് അംഗീകാരം വാങ്ങാതെയാണ് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിരിക്കുന്നത്. മൂലധന ചെലവ് ആയതിനാൽ പ്രോജക്റ്റ് വെച്ച് അംഗീകാരം വാങ്ങാതെ തുക ചെലവ് ചെയ്ത നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം നടപടികൾ കർശനമായും ഒഴിവാക്കേണ്ടതാണ്. ടോക്കൺ മെഷിൻ ഉപയോഗിക്കാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്ത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി.ഒ. (പി) 13/2012/PWD/ 01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ

വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14 ദിവസവും പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 5441/-രൂപ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.8.17)മറുപടി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് പിഎസി | ടെണ്ടർ തീയതി/ അംഗീകരിച്ചത് | സെലക്ഷൻ നോട്ടീസ് അയച്ചത് | എഗ്രിമെന്റ് വെച്ചത് / കരാറുകാരൻ | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1. | വിവിധ വാർഡുകളിൽ കിണർ ശുചീകരണം 228/16, 224072/- | 8.12.15 11.12.15 | - | 1.3.16 എം.ചന്ദ്രൻ | 2241 |
| 2. | ആനപ്പുറംകാട് ലക്ഷംവീട് കോളനി മെറ്റലിംഗ് & ടാറിംഗ്, 73/15, 319972/- | 18.12.14 | 29.12.14 | 22.1.15 എം.ചന്ദ്രൻ | 3200 |
| | ആകെ | | | | 5441 |

## 3-12 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തി എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂട്ടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന്

പിഎസിയുടെ 1%, അടുത്തഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന .

1. <u>പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന് അനുബന്ധിച്ചുള്ള ടോയ്‌ലറ്റ് നിർമ്മാണം</u>

പ്രൊജക്റ്റ്- 237/16

പിഎസി- 410000

കരാറുകാരൻ- ശ്രീ.പി.സുരേഷ്കുമാർ

എഗ്രിമെൻറ് നം-101/30.12.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -31.3.16

പൂർത്തീകരിച്ച തീയതി- 4.11.16

അളവു പുസ്തകം- 83/15-16, 79/15-16

ഫൈനൽ ബിൽ - ചെക്ക് നം. 35491/17.3.17-410000/-

പിഴ ഈടാക്കേണ്ടത്- 20.4.16- 3.11.16(19ദിവസം ഗ്രേസ്സ്പിരീഡ്)

20.4.16- 19.7.16 @ 1% - 4100/-

20.7.16- 19.10.16 @ 2%- 8200/-

20.10.16-3.11.16 (15ദിവസത്തിന് ) 1367/--

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 13667/-

2. <u>ആനപ്പുറംകാട് ലക്ഷംവീട് കോളനി മെറ്റലിംഗ് & ടാറിംഗ്</u>

പ്രൊജക്റ്റ്- 73/15

പിഎസി- 319972/-

കരാറുകാരൻ- എം.ചന്ദ്രൻ

എഗ്രിമെൻറ് നം- 63/14-15/22.1.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് -31.3.15

പൂർത്തീകരിച്ച തീയതി- 23.3.16

അളവു പുസ്തകം- 64/15-16

ഫൈനൽ ബിൽ - 3/16-17/7.10.16

പിഴ ഈടാക്കേണ്ടത്- 15.4.15- 22.3.16 (14 ദിവസം ഗ്രേസ്സ് പിരീഡ്)

15.4.15 - 14.7.15 @ % - 3200/-

15.7.15- 14.10.15@2%- 6399/-

15.10.15 -14.1.16@2%- 6399

15.1.16- 22.3.16@2%-4835/-(68ദിവസത്തിന് )

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-20833 /-

3. വിവിധ വാർഡുകളിൽ കിണർ ശുചീകരണം

പ്രൊജക്റ്റ്- 228/16

പിഎസി- 224072/-

കരാറുകാരൻ- എം.ചന്ദ്രൻ

എഗ്രിമെൻറ് നം- 106/1.3.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 31.3.16

പൂർത്തീകരിച്ച തീയതി- 9.5.16

അളവു പുസ്തകം- 66/15-16, 68/15-16

ഫൈനൽ ബിൽ - 1/16-17/7.10.16

പിഴ ഈടാക്കേണ്ടത്- 8.4.16- 8.5.16-(7ദിവസം ഗ്രേസ്സ്പിരീഡ്)

ആദ്യത്തെ മൂന്ന മാസത്തിന് പി.എ.സി.യുടെ1% - 772/-(31 ദിവസത്തിന്)

ഈടാക്കിയത്- ഇല്ല.

ബാക്കി ഈടാക്കേണ്ടത്- 772/-

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.8.17)മറുപടി ലഭ്യമായില്ല. പിഴയിനത്തിലുള്ള 35272/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടക്കേണ്ടതാണ്.

## 3-13 ഇ-ടെണ്ടർ നടത്തിയതിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ 5 ലക്ഷത്തിന മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ പ്രകാരം കാണുന്നു. ടെണ്ടർ രജിസ്റ്ററിൽ ഇവയുടെ പൂർണ്ണ വിവരങ്ങൾ ഇല്ല. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം (ടെണ്ടർ ഫയൽ പ്രകാരം)ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ തീയതി | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ തുക ആകെ ടെണ്ടർ ഫീസ് @2630/- (VAT ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | കണ്ണാടി പഞ്ചായത്ത് ഓഫീസ് കെട്ടിടം, പൂർത്തീകരണം, 188/17 | 3424432 | 30.3.17 | 2 | 5260 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം. 11/30-8-2017) ത്തിന് മറുപടി ലഭ്യമായില്ല. ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിനും വാറ്റ് തുക വിൽപന നികുതി വകുപ്പിനും ലഭ്യമാക്കാനുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 പൊതുമരാമത്തു പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയത് | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 77 | 20617744 | 35 | 7703003 |

വകയിരുത്തിയ തുകയുടെ 37.36% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്റ്റുകളുടെ 45% ൽ മാത്രമേ ചെലവു നടന്നുള്ളൂ. തൻവർഷം അംഗീകരിച്ച 77പ്രൊജ്ക്റ്റുകളിൽ 6 സ്പിൽഓവർ പ്രൊജക്റ്റുകളുള്ളതിൽ 5 എണ്ണത്തിൽ ചെലവുണ്ട് . 71പുതിയ പ്രൊജക്റ്റുകളിൽ 30 എണ്ണത്തിൽ മാത്രമേ ചെലവുള്ളൂ.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അംഗീകാരം വാങ്ങിയ പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വകയിരുത്തിയ തുക പരമാവധി ചെലവഴിക്കുന്നതിനും ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. പൂർത്തീകരിച്ച പ്രവൃത്തികളിൽ കരാറുകാർക്ക് നൽകേണ്ട തുകകൾ യഥാസമയം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വർക്ക് ഫയലുകളിൽ T.S, റിവൈസ്ഡ് T.S, സെലക്ഷൻ നോട്ടീസ്, ദീർഘീകരണത്തിനുള്ള കരാറുകാരന്റെ അപേക്ഷ. ഇതിന്മേലുള്ള എ.ഇ. യുടെ ശുപാർശ, സപ്ലിമെന്ററി എഗ്രിമെന്റ് എന്നിവ കാലാനുസൃതമായി ഫയൽ ചെയ്ത്

സൂക്ഷിക്കേണ്ടതാണ്.

## 3-15 മെറ്റലിംഗ് & ടാറിംഗ് പ്രവൃത്തികൾ മാറ്റം വരുത്തി കോൺക്രീറ്റിംഗ് ആക്കിയതിന് വിശദീകരണമില്ല

വർക്ക് ഫയലുകൾ പരിശോധിക്കുമ്പോൾ താഴെപറയും റോഡ് പ്രവൃത്തികളിൽ ആദ്യം പ്രൊജക്റ്റ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നതിൽ മെറ്റലിംഗും ടാറിംഗും ആണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പിന്നീട് ഇവയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി മെറ്റലിംഗിനും ടാറിംഗിനു പകരം കോൺക്രീറ്റിംഗ് ആക്കി റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിരിക്കുന്നു. പ്രവൃത്തിയിൽ വ്യത്യാസം വരുത്തിയതിന് ഫയൽ പ്രകാരം കാരണം ഇല്ല. സൈറ്റ് കണ്ടീഷൻ പ്രകാരം കോൺക്രീറ്റിംഗ് ചെയ്യേണ്ട ആവശ്യകതയും വ്യക്തമാക്കിയിട്ടില്ല. 28.12.16 ഭരണസമിതി തീരുമാനം 1 പ്രകാരം ഈ ഭേദഗതി അംഗീകരിച്ചിട്ടുണ്ട്. ഈ തീരുമാനത്തിലും മാറ്റം വരുത്തിയതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1 | 195/17-മൈത്രി നഗർ ആനന്ദ് നഗർ റോഡ് കോൺക്രീറ്റിംഗ് | 200000 |
| 2 | 197/17-സൗപർണ്ണി അവന്യൂ റോഡ് കോൺക്രീറ്റിംഗ് | 300000 |
| 3 | 199/17-പറമ്പക്കാട് റോഡ് കോൺക്രീറ്റിംഗ് | 150000 |
| 4 | 200/17- പുഴയ്ക്കൽ കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് | 200000 |
| 5 | 202/17- പാത്തിക്കൽ കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് | 280000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.8.17) മറുപടി ലഭ്യമായില്ല. വിശദീകരണം നൽകേണ്ടതാണ്.

## 3-16 വേലൂർക്കളം ഡ്രെയിനേജ് റോഡ് ഫോർമേഷൻ പ്രവൃത്തി - അളവു രേഖപ്പെടുത്തിയതിൽ അപാകത

പ്രൊജക്റ്റ്- 58/15

പിഎസി- 202982/-

കരാറുകാരൻ- ശ്രീ. പി.കെ.ശിവദാസ്

എഗ്രിമെന്റ് നം- 33/1.1.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 31.3.15

അളവു പുസ്തകം- 71/15-16

ഫൈനൽ ബിൽ - 13/23.1.17- 191145/-

വേലൂർക്കളം ഡ്രെയിനേജ് റോഡ് ഫോർമേഷൻ പ്രവൃത്തിയുടെ വർക്ക് ഫയൽ, അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ പ്രവൃത്തിയുടെ നിർവ്വഹണം, രേഖകൾ സൂക്ഷിപ്പ്, എന്നിവയിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 31.3.15ൽ പൂർത്തീകരിച്ച തീയതിയിൽ വ്യക്തതയില്ല. അളവുപുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വെള്ളിയങ്കിരി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 25.2.15,12.3.15,14.3.15,26.3.15 എന്നീ തീയതികളിലാണ്. എന്നാൽ ഈ കാലയളവിൽ ശ്രീ.വെള്ളിയങ്കിരി ഈ പഞ്ചായത്തിൽ എ.ഇ. യുടെ ചുമതല വഹിച്ചിട്ടില്ല.

2. അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ അളവുകൾ ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 26.2.16, 3.3.16, 16.3.16, 30.3.16 എന്നീ തീയതികളിലാണ്. (മെഷർ ചെയ്ത് ഒരു വർഷത്തിനു ശേഷം)

3. 9.2.16 ലെ ഭരണസമിതിയുടെ 7(10) തീരുമാന പ്രകാരം ഡ്രെയിനേജ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പെട്രോൾ ലൈൻ (ഗെയിൽ) അധികാരികളുടെ അനുവാദം വാങ്ങിയ ശേഷമേ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ 30.3.16 വരെ സമയം അനുവദിക്കണമെന്നുമുള്ള കരാറുകാരന്റ അപേക്ഷ യോഗം അംഗീകരിച്ചു. എന്നാൽ പദ്ധതിയുടെ ലൊക്കേഷൻ മാപ്പിൽ പദ്ധതി പ്രദേശത്ത് പെട്രോൾ ലൈൻ (ഗെയിൽ) ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കരാറുകാരന്റെ കത്തിന്റെ പകർപ്പോ അസി.എഞ്ചിനീയറുടെ ശുപാർശയോ ഇല്ല. കൂടാതെ ഗെയിലിന്റെ അനുവാദം ലഭ്യമായ രേഖയോ ഫയലിൽ ഇല്ല.

4. 30.3.2016 ന് അളവുകൾ ചെക്ക് മെഷർ ചെയ്തെങ്കിലും കരാറുകാരന് ബില്ല് പ്രകാരമുള്ള തുക നൽകുന്നത് 23.1.2017 ന് മാത്രമാണ്. കാലതാമസത്തിന് കാരണമില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.8.17) മറുപടി ലഭ്യമായില്ല. വിശദീകരണം നൽകേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. എ.ഇ അളവുകൾ രേഖപ്പെടുത്തിയ തീയതികളിൽ വ്യക്തത വരുത്തി തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

2. യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിച്ചത് 26.3.16 നാണെങ്കിൽ ഗെയിലിൽ നിന്നുമുള്ള അനുമതി ലഭ്യമായ തീയതിയോടുകൂടി യഥാർത്ഥ പൂർത്തീകരണ തീയതിയുടെ 20% കൂടി ഗ്രേസ് പീരീഡ് കണക്കിലെടുത്ത് ബാക്കി അധികമെടുത്ത കാലയളവിലേക്ക് പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

3. കരാറുകാർക്ക് നൽകേണ്ട തുകകൾ യഥാസമയം നൽകുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 സോമിൽ റോഡ് മെറ്റലിംഗ്& ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് വർഷങ്ങളായിട്ടും കരാറുകാരന് തുക നൽകിയിട്ടില്ല

പ്രൊജക്റ്റ്- 129/13-14 ( 118/14-15, 57/16-17)

അടങ്കൽ - 182000/- (MG(R)-17000, ലോക ബാങ്ക് വിഹിതം- 165000)

കരാറുകാരൻ- ശ്രീ. പി.കെ.ശിവദാസ്

എഗ്രിമെൻറ് നം- 27/13-14/9.10.13

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 31.3.14

അളവു പുസ്തകം- 327/13-14, 317/13-14

പാർട്ട് ബിൽ - 129/13-14/31.3.14- 145741/-

പ്രവൃത്തി പൂർത്തീകരിച്ചത്-19.6.14

111 മീറ്റർ നീളത്തിൽ മെറ്റലിംഗും ടാറിംഗും 15 മീറ്റർ നീളത്തിൽ സൈഡ് പ്രൊട്ടക്ഷനും നടത്തുന്നതിനുവേണ്ടി 8.7.13 ൽ സാങ്കേതികാനുമതി ലഭിച്ച് 12.9.13 ൽ ടെണ്ടർ ചെയ്ത് 9.10.13ൽ ആരംഭിച്ചതാണീ പ്രവൃത്തി. 2014-15 മുതൽ സ്പിൽ ഓവർ ആയി തുടരുന്ന ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിലും ചെലവുകളിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 31.3.14 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് 30.6.14 വരെ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണത്തിന് സമയം അനുവദിക്കുന്നതിന് എ.ഇ., എ.എക്സ്.ഇ. എന്നിവർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ കാലാവധിക്കുള്ളിൽ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ടുള്ള കരാറുകാരന്റെ അപേക്ഷ ഇല്ല. ഭരണസമിതി തീരുമാനം ഇല്ല.
2. സമയം ദീർഘിപ്പിച്ചതിന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
3. ഈ പ്രവൃത്തിക്കായി 2013-14 ൽ പാർട്ട്ബിൽ ആയി (നം.129/2013-14/31.3.14) 161934/-രൂപ ചെലവഴിച്ചിട്ടുണ്ട്. അളവുപുസ്തക പ്രകാരം പ്രവൃത്തി 19.6.14 ന് പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പ്രവൃത്തിമൂല്യം 171253/-. എന്നാൽ 2014-15 ലോ നാളിതുവരെയോ ഫൈനൽ ബിൽ പ്രകാരമുള്ള തുക പിൻവലിച്ച് കരാറുകാരനോ നികുതികൾ, ക്ഷേമനിധി വിഹിതം എന്നിവ അതാത് സ്ഥാപനങ്ങളിലേക്കോ നൽകിയിട്ടില്ല.
4. കരാറുകാരൻ 8.8.16ന് ഫൈനൽ ബിൽ തുക അനുവദിക്കണമെന്ന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല.
5. പ്രവൃത്തിയുടെ എഗ്രിമെന്റ് ഖണ്ഡിക 21 പ്രകാരം പ്രവൃത്തി സംബന്ധമായി കരാറുകാരന് ലഭിക്കേണ്ടതായിട്ടുള്ള എല്ലാ ബിൽ തുകകളും പാസ്സാക്കി 3 മാസത്തിനുള്ളിൽ കരാറുകാരൻ സ്വീകരിക്കേണ്ടതാണെന്നും 3 മാസത്തിനുള്ളിൽ സ്വീകരിക്കാത്ത ബിൽ തുകകൾ പാസ്സാക്കി 3വർഷം വരെ ഡെപ്പോസിറ്റിൽ സൂക്ഷിക്കേണ്ടതാണെന്നും ഈ കാലാവധിക്കുള്ളിൽ കരാറുകാരൻ തുക സ്വീകരിക്കുന്നതിന് വന്നില്ലെങ്കിൽ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതായിരിക്കും എന്ന് വ്യവസ്ഥ വെച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ തുക പിൻവലിക്കുകയോ മേൽപ്രകാരം ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/30.8.17) മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

കരാറുകാർക്ക് നൽകേണ്ട തുകകൾ യഥാസമയം നൽകാതിരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായതിനാൽ ഇത് പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 100000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 98400 | 1600 |
| | | 509443 | നെൽകൃഷിക്ക് പ്രാരംഭ ചെലവുകൾ നൽകൽ | 509443 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2016-17 | 998755 | നെൽകൃഷിക്ക് പ്രാരംഭ ചെലവുകൾ നൽകൽ | 998755 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം/തീയതി | ചെലവഴിച്ച തുക | വിനിയോഗ വിവരം |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കുഴൽമന്ദം സെക്ഷൻ | സ്ട്രീറ്റ് ലൈൻ വലിക്കൽ (ജനറൽ) | 264630 | 27/28-08-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കൊട്ടുവായൂർ സെക്ഷൻ | സ്ട്രീറ്റ് ലൈൻ വലിക്കൽ (ജനറൽ) | 54400 | 30/29-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് ,പുതുനഗരം | സ്ട്രീറ്റ് ലൈൻ വലിക്കൽ (ജനറൽ) | 178600 | 29/29-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |

| | | | | | |
|---|---|---|---|---|---|
| സെക്ഷൻ | | | | | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പുതുനഗരം സെക്ഷൻ | സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ്.സി) | 54075 | 33/31-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് ,ബിഗ് ബസാർ സെക്ഷൻ | സ്ട്രീറ്റ് ലൈൻ വലിക്കൽ (ജനറൽ) | 42075 | 34/31-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കുഴൽമന്ദം സെക്ഷൻ | വൈദ്യുതി പോസ്റ്റ് മാറ്റൽ (ജനറൽ) | 30731 | 36/31-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കുഴൽമന്ദം സെക്ഷൻ | വൈദ്യുതി പോസ്റ്റ് മാറ്റൽ (എസ്.സി) | 36193 | 32/31-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, പുതുനഗരം സെക്ഷൻ | വൈദ്യുതി പോസ്റ്റ് മാറ്റൽ (ജനറൽ) | 69269 | 38/31-03-17 | 0 | വിനിയോഗ വിവരം ലഭ്യമായില്ല. |

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## **4-4.** വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഈ ഇനത്തിൽ വരവോ ചെലവോ ഇല്ല.

## **4-5** സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1123540 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| നിക്ഷേപത്തിന് ലഭിച്ച പലിശ | 232024 |
| ആകെ | 1355574 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 74 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1355500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഗ്രീൻ കേരള വിഹിതം | 1355500 |
| ആകെ | 1355500 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 400 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം /തീയതി |
|---|---|---|---|---|
| 2012-13 | Para 2-3 | 400 | ഏലിയാമ്മ, സെക്രട്ടറി | 11602102265/5-08-16 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47613800 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43868974 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58713 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 9000 | ഡോ.ശ്രീദേവി<br>വെറ്ററിനറി സർജൻ |
| 3-4 | | 9000 | ശ്രീമതി. കെ. കുമാരി<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ |
| 3-11 | | 5441<br>(പിഴ) | 3200- റോസ് സോളി.വി.എ.,<br>അസി.എഞ്ചിനീയർ<br>2241-വെള്ളിയങ്കീരി.ആർ.,<br>അസി.എഞ്ചിനീയർ |
| 3-12 | | 35272<br>(പിഴ) | 21605-വെള്ളിയങ്കീരി.ആർ.,<br>അസി.എഞ്ചിനീയർ<br>13667-സ്മിത.കെ.,<br>അസി.എഞ്ചിനീയർ |
| ആകെ | | 58713 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 12000 | ശ്രീമതി ലത,<br>പ്രധാന അധ്യാപിക |
| ആകെ | 12000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.ശ്രീദേവി,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>കണ്ണാടി ഗ്രാമപഞ്ചായത്ത്. | മാധവം<br>പറക്കുളം<br>കണ്ണാടി<br>പാലക്കാട് |
| വെള്ളിയങ്കിരി.ആർ.,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>പാലക്കാട് മുനിസിപ്പാലിറ്റി | കല്ലഞ്ചിറ ഹൗസ്,<br>പെരുവെമ്പ്(പി.ഒ.)<br>പാലക്കാട് |
| റോസ് സോളി.വി.എ.,<br>അസി.എഞ്ചിനീയർ | ലഭ്യമല്ല | T.C. 50/2088<br>കൊമ്പൻഹൗസ്<br>അയ്യന്തോൾ<br>തൃശ്ശൂർ |
| സ്മിത.കെ.,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്. | കൃഷ്ണസ്പർശം<br>ഐശ്വര്യ നഗർ<br>കുന്നത്തൂർമേട്<br>പാലക്കാട് |
| ശ്രീമതി. കുമാരി. കെ<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ<br>കുഴൽമന്ദം | രാംപറമ്പിൽ<br>പല്ലഞ്ചാത്തന്നൂർ(പി.ഒ)<br>പിൻ – 678571 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LF.P7-748/89 /7.6.01 | മുഴുവൻ | ഫർദർ റിമാർക്സ് |
| 1998-99 | LF.P7-648/01 /7.7.01 | മുഴുവൻ | സർചാർജ് പ്രൊപ്പോസൽ |
| 1999-2000 | LF.P7-793/04 /5.11.05 | മുഴുവൻ | ഫർദർ റമാർക്സ് |
| 2000-01 | LF.P7-793/04 /5.11.05 | മുഴുവൻ | ഫർദർ റമാർക്സ് |
| 2001-02 | LF.P7-762/06 /19.2.07 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |

| | | | |
|---|---|---|---|
| 2002-03 | LF.P7-763/06 /19.2.07 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LF.2091/Spl.Cell /22.7.08 | മുഴുവൻ | തുക ഈടാക്കുന്നത് സംബന്ധിച്ച് |
| 2004-05 | LF.P15-1511/10 | മുഴുവൻ | ശുദ്ധിപത്രം |
| 2005-06 | LF.P15-1345/10 /18.11.10 | മുഴുവൻ | ഫർദർ റിമാർക്സ് |
| 2006-07 | LF.P15-1607/12 /10.9.12 | മുഴുവൻ | വ. 3(5) സാധൂകരണം |
| 2007-08 | LF.P15-1749/11 /26.12.11 | മുഴുവൻ | സർചാർജ് പ്രൊപ്പോസൽ |
| 2008-09 | LF.P15-1605/12 /23.12.12 | മുഴുവൻ | സർചാർജ് പ്രൊപ്പോസൽ |
| 2009-10 | LF.P15-946/14 /03.09.14 | മുഴുവൻ | ഫർദർ റിപ്പോർട്ട്/സർചാർജ് ശുപാർശ |
| 2010-11 | LF.P15-946/14 /03.09.14 | മുഴുവൻ | ഫർദർ റിപ്പോർട്ട്/സർചാർജ് ശുപാർശ |
| 2011-12 | LF.P15-946/14 /03.09.14 | മുഴുവൻ | ഫർദർ റിപ്പോർട്ട്/സർചാർജ് ശുപാർശ |
| 2012-13 | LF.P15-2250/14 /09.03.15 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | K.S.A- P.K.D/15 /591/2016 /11.7.2016 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA PKD/15 /2136/16 /29-12-16 | മുഴുവൻ | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി15/1886/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തിയതി -23-10-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

No. KSA-PKD15/1886/2017

Kerala State Audit Department

District Audit Office

Palakkad

Date –23-10-2017

<u>Audit Certificate</u>

Certified that I have audited the Annual Financial Statement of Kannadi Gramma Panchayath in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kannadi Gramapanchayat for the year 2016-17

except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

Deputy Director